കരിമണൽ ഖനനം

125 [1958] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനം മത്സ്യമേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ ജസ്റ്റീസ് ജോൺ മാത്യു കമ്മീഷൻ മുമ്പാകെ ഫിഷറീസ് വകുപ്പോ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളോ അഭിപ്രായം അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ:

(സി) ഇപ്പോൾ ഖനനം നടക്കുന്ന പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഖനനംമൂലം നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കരിമണൽ ഖനനത്തെപ്പറ്റിയും അനന്തര ഫലങ്ങളെക്കുറിച്ചും ഫിഷറീസ് വകുപ്പ് പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) ഫിഷറീസ് വകുപ്പിന്റെ അഭിപ്രായം ആവശ്യപ്പെട്ടിട്ടില്ല. അതിനാൽ ഫിഷറീസ് വകുപ്പ് അഭിപ്രായമൊന്നും അറിയിച്ചിട്ടില്ല.

(സി) ഖനനംമൂലം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സുനാമിമൂലം കടലിലെ പാറുകൾക്കുണ്ടായ മാറ്റം

126 [1959] *ശ്രീ. എം. എം. ഹസ്സൻ:*
,, എം. മുരളി:
,, കെ. മുഹമ്മദാലി:
,, കെ. സുധാകരൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിമൂലം സംസ്ഥാനത്തെ കടലിൽ മീൻ വഭ്യത കുറഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതൊരു താൽക്കാലിക പ്രതിഭാസമാണോ;

(ബി) തീരക്കടലിലെ പാറുകൾക്ക് സുനാമിമൂലം മാറ്റമുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly